*ഹയർ സെക്കൻഡറി വിദ്യാഭ്യാസ*
*ഡയറക്ടറുടെ കാര്യാലയം*
*തിരുവനന്തപുരം 1*

*No. ICT Cell/03/2324/SWS/HSE/2008* *ജൂൺ 29, 2009*

***സർക്കുലർ***

***വിഷയം: പ്ലസ് വൺ ഏകജാലകപ്രവേശനം: നാലാമത്തെ അലോട്ട്മെന്റ് ലിസ്റ്റ് - പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ***

*സൂചന: ഇതേ നമ്പറിൽ ജൂൺ 12, 15, 20, 25 തീയതികളിൽ പുറപ്പെടുവിച്ച സർക്കുലറുകൾ*

**ഏകജാലകരീതിയിലുള്ള പ്ലസ് വൺ പ്രവേശനത്തിന്റെ നാലാമത്തെ അലോട്ട്മെന്റ് ലിസ്റ്റ് ജൂൺ 29ന് പ്രസിദ്ധീകരിച്ചു.** നാലാമത്തെ ലിസ്റ്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ പ്രവേശനം ജൂൺ **30,** ജൂലൈ **1** തീയതികളിൽ നടക്കും. പ്രവേശന വിവരങ്ങൾ ജൂലൈ **2** ന് രാവിലെ 11 മണിക്ക് മുമ്പ് അപ്ഡേറ്റ് ചെയ്യണം.

ഓരോ അലോട്ട്മെന്റിനുശേഷവും അഡ്മിൻ യൂസറിന് ലഭിക്കുന്ന അലോട്ട്മെന്റ് ലിസ്റ്റിൽ അതുവരെ സ്കൂളിൽ സ്ഥിരപ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികളുടെയും, ഉയർന്ന ഓപ്ഷൻ ഇനിയും ലഭിക്കാതെ താല്ക്കാലിക പ്രവേശനത്തിൽ തുടരുന്ന വിദ്യാർത്ഥികളുടെയും പേര് വിവരങ്ങളുണ്ടാകും. ഓരോ ലിസ്റ്റ് വരുമ്പോഴും പ്രിൻസിപ്പൽമാർ ഇക്കാര്യം പ്രത്യേകം പരിശോധിക്കണം. പ്രവേശന വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുമ്പോൾ പ്രവേശനം നേടാത്തതോ ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്തതോ ആയ ഒരു വിദ്യാർത്ഥിയുമില്ലെങ്കിലും കൺഫർമേഷൻ ബട്ടണിൽ ക്ലിക്ക് ചെയ്യണം. അല്ലാത്തപക്ഷം സ്കൂളിൽ നിന്ന് പ്രവേശനവിവരങ്ങൾ അപ് ഡേറ്റ് ചെയ്തിട്ടില്ലെന്ന് കണക്കാക്കുന്നതാണ്. താൽക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഉയർന്ന ഓപ്ഷനിലേക്ക് മാറ്റം ലഭിച്ചിട്ടില്ലെങ്കിൽ വീണ്ടും സ്കൂളിൽ റിപ്പോർട്ട് ചെയ്യേണ്ടതില്ല. പ്രിൻസിപ്പൽ പ്രവേശനവിവരങ്ങൾ(നോൺ ജോയിൻ റിപ്പോർട്ട്, ഹയർ ഓപ്ഷൻ ഡിലീഷൻ റിപ്പോർട്ട്, ചെക്ക് റിപ്പോർട്ട്) അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത് പരിശോധിച്ചുറപ്പ് വരുത്തണം.

പ്രിൻസിപ്പലിൽ നിന്ന് നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമയിൽ പ്രവേശനവിവരങ്ങൾ ലഭിച്ചതിന് ശേഷം മാത്രം **HITC** ഈ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുക. പ്രവേശനവിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി വിദ്യാർത്ഥിപ്രവേശനത്തിന് തടസ്സം സൃഷ്ടിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

SSLCയിൽ തിരുത്തലുകൾ വരുത്തുന്നതിനായി പരീക്ഷാഭവനിൽ സമർപ്പിച്ചത് മൂലം പ്രവേശനസമയത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തവർക്കും, പ്രായപരിധി ഇളവിനുള്ള സർക്കാർ ഉത്തരവ് ഹാജരാക്കാത്തവർക്കും, ഭിന്നശേഷി വിഭാഗത്തിൽ പ്രായോഗികപരീക്ഷകളുള്ള വിഷയകോംബിനേഷനിൽ അലോട്ട്മെന്റ് ലഭിക്കുകയും ജില്ലാതല കൗൺസലിങ് സമിതിയുടെ ശുപാർശ ഹാജരാക്കാൻ കഴിയാതിരിക്കുകയും

ചെയ്തവർക്കും മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകളും രേഖകളും ഹാജരാക്കാൻ ജൂൺ 30 വരെ നൽകിയിരുന്ന സമയപരിധി ജൂലൈ 7 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥികളിൽ നിന്നും രേഖകൾ ഹാജരാക്കിയ ശേഷം മാത്രം ഫീസ് വാങ്ങിയാൽ മതി. അഡ്മിഷൻ സ്ലിപ്പ് നൽകുമ്പോൾ Admitted provisionally subject to the condition that the student should produce the ………certificate/ government order before 7th July 2009 failing which he/she will lose the admission എന്ന് രേഖപ്പെടുത്തി നൽകണം. ഒന്നാം ഓപ്ഷനിലാണ് വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് നൽകുന്നതെങ്കിലും ഇതേ രീതി തന്നെയാണ് അവലംബിക്കേണ്ടത്. ഇത്തരം വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യപ്രകാരം ഉയർന്ന ഓപ്ഷനുകൾ റദ്ദാക്കുകയോ അവ നിലനിർത്തുകയോ ചെയ്യാം. ഈ അഡ്മിഷൻ വിവരങ്ങൾ അഡ്മിഷൻ രജിസ്റ്ററിൽ ജൂലൈ 7ന് ശേഷം രേഖപ്പെടുത്തിയാൽ മതി.

സ്പോർട്സ് ക്വാട്ടയിലെ പ്രവേശനം ജൂൺ 30 ന് 5 മണിക്ക് മുമ്പ് പൂർത്തിയാക്കണം. സീറ്റ് മെട്രിക്സ് പ്രകാരം സ്കൂളിൽ അനുവദിച്ചിട്ടുള്ള സ്പോർട്സ് ക്വാട്ടാ സീറ്റുകളിലേക്ക് മാത്രമെ പ്രവേശനം നടത്താവൂ. സ്പോർട്സ് ക്വാട്ട പ്രവേശനവിവരങ്ങൾ ജൂൺ 30ന് തന്നെ അഡ്മിഷൻ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യണം. പ്രിൻസിപ്പൽ നൽകുന്ന വിവരങ്ങളനുസരിച്ച് സ്കൂളിലെ **HITC** യാണ് ഈ വിവരങ്ങൾ അപ് ഡേറ്റ് ചെയ്യേണ്ടത്. സ്പോർട്സ് ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഏകജാലകരീതിയിലൂടെ പ്രവേശനം നടത്തും.

ഒഴിവുള്ള പട്ടികജാതി/ പട്ടിക വർഗ വിഭാഗങ്ങളുടെ സീറ്റുകളിലേക്ക് പുതുതായി ക്ഷണിച്ച അപേക്ഷകളുടെ ഡേറ്റാ എൻട്രി നേരത്തെ നൽകിയ നിർദേശങ്ങളനുസരിച്ച് പൂർത്തിയാക്കണം. വെരിഫിക്കേഷൻ യൂസറിന്റെ യൂസർ ഐ. ഡി. **സ്കൂൾ കോഡ്_verify** എന്നും ഡീഫോൾട്ട് പാസ് വേഡ് **verify** എന്നുമായിരിക്കും.

**ഡയറക്ടർ**